# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2019 ഡിസംബർ 21 ശനി**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**


<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## ഹാപ്പിഡെയ്സ് മഴവിൽ രാവ് 23 ന്

ഹാപ്പിഡെയ്സ് രാത്രികാല ഷോപ്പിംഗ് മേളയുടെ ഭാഗമായി പ്രായമായവർക്കും ഭിന്നശേഷിക്കാർക്കും കുട്ടികൾക്കും ദിവ്യാംഗർക്കുമായി ഒരുക്കുന്ന മഴവിൽരാവ് ഡിസംബർ 23 ന്. അന്ന് വൈകീട്ട് 5.30 മുതൽ പുലരും വരെ സ്വരാജ് റൗണ്ട് ജനങ്ങൾക്ക് മാത്രമായി തുറന്ന് കൊടുക്കും. ഗതാഗതം പരിപൂർണ്ണമായി ഒഴിവാക്കിയാണീ ക്രമീകരണം. നഗരത്തിന്റെയും സ്വരാജ് റൗണ്ടിന്റെയും രാസൗന്ദര്യവും ദീപാലങ്കാരങ്ങളും ഷോപ്പിംഗ് അനുഭവങ്ങളും ആലംബഹീനർക്ക് കൂടെ അനുഭവവേദ്യമാക്കുന്നതിന്റെ ഭാഗമായാണിത്. ജില്ലാ ഭരണകൂടം, തൃശൂർ നഗരസഭ, ചേംബർ ഓഫ് കോമേഴ്സ്, സാമൂഹ്യനീതി വകുപ്പ്, വനിതാ ശിശുവികസന വകുപ്പ്, വീൽചെയർ അസോസിയേഷൻ, മറ്റ് സാമൂഹ്യക്ഷേമ സംഘടനകൾ സന്നദ്ധസംഘടനകൾ എന്നിവയുടെ സഹായത്തോടെയാണ് 23 ന് കാര്യങ്ങൾ ഒരുക്കുക.

അസുഖങ്ങൾ, മറ്റ് പലവിധ പ്രശ്നങ്ങൾ തുടങ്ങിയവയാൽ പുറംലോകത്ത് എത്തിപ്പെടാൻ കഴിയാതെ വീട്ടുമുറിക്കുള്ളിലും അശരണാലയങ്ങളിലും കഴിയുന്നവരെ നഗരത്തിന്റെ വർണ്ണച്ചാർത്തുകൾ നിർഭയമന്യേ കാണിക്കുകയും അനുഭവിക്കുകയും ചെയ്യുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. ചേംബർ ഓഫ് കോമേഴ്സിനാണ് പരിപാടി നടത്തിപ്പിന്റെ നേരിട്ടുള്ള ചുമതല. അന്ന് നഗരം കാണാനെത്തുന്നവരുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. ചേംബർ ഓഫ് കൊമേഴ്സ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യാം. വിലാസം: ദ ചേംബർ ഓഫ് കൊമേഴ്സ്, പാലസ് റോഡ്, തൃശൂർ 20. ഫോൺ: 0487 2331091, 2331236. സെക്രട്ടറിയുടെ ഫോൺ: 9447088201. 23 ന് വൈകീട്ട് നഗരത്തിലെത്തുന്ന നടക്കാൻ പ്രയാസമുള്ളവർക്ക് റൗണ്ട് ചുറ്റാൻ പ്രത്യേക തുറന്ന വാഹനം ഏർപ്പെടുത്തും. ഹാപ്പിഡേയ്സ് രാത്രികാല ഷോപ്പിംഗ് മേളയുടെ ദൃശ്യശ്രാവ്യ വിപണനാനുഭവങ്ങൾ എല്ലാവർക്കും അനുഭവവേദ്യമാക്കുന്നതിനായാണ് ഇത്തരമൊരു പ്രത്യേക രാത്രി തീരുമാനിച്ചതെന്നും എല്ലാവരും സഹകരിക്കണമെന്നും ജില്ലാ കളക്ടർ എസ് ഷാനവാസ് അറിയിച്ചു.

## ഒറ്റപ്പെടുന്ന കുട്ടികൾക്ക് സ്നേഹപൂർവ്വം

ഒറ്റപ്പെടുന്ന കുട്ടികൾക്കായി സ്നേഹപൂർവ്വം പദ്ധതി. മാതാപിതാക്കൾ രണ്ട് പേരോ ഒരാളോ മരിച്ചു പോവുകയും ജീവിച്ചിരിക്കുന്ന ആൾക്ക് സാമ്പത്തിക പരധീനതയാൽ കുട്ടികളെ സംരക്ഷിക്കൻ കഴിയാതെ വരികയും ചെയ്താൽ ഇത്തരം കുട്ടികളെ സ്വന്തം വീട്ടിലോ ബന്ധു വീട്ടിലോ താമസിപ്പിച്ചു വിദ്യാഭ്യാസം നൽകി മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനുള്ള പ്രതിമാസ ധനസഹായ പദ്ധതിയാനിത്. നഗര പ്രദേശങ്ങളിൽ 22375 രൂപയും, ഗ്രാമ പ്രദേശങ്ങളിൽ 20000 രൂപയും വരെ വാർഷിക വരുമാനം ഉള്ള കുടുംബങ്ങളിലെ സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ഡിഗ്രി പ്രൊഫഷണൽ ക്ലാസുകൾ വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. എച് ഐ വി ബാധിതരായ കുട്ടികൾക്ക് വരുമാന പരിധി

ഇല്ലാതെ ആനുകൂല്യം ലഭിക്കും. 1-5 ക്ലാസ്സ് വരെ പ്രതിമാസം 300 രൂപ, 6- 10 വരെ 500, പ്ലസ് 1, പ്ലസ് 2 ക്ലാസ്സ് - 700, ഡിഗ്രി പ്രൊഫഷണൽ കോഴ്സ്കൾക്ക് പ്രതിമാസം 1000 രൂപയും ആനുകൂല്യം ലഭിക്കും. 5 വയസ്സിൽ താഴെ ഉള്ളവർക്ക് ജില്ലാ ചൈൽഡ് വെൽഫെയർ കമ്മിറ്റി യുടെ സർട്ടിഫിക്കറ്റ് ഉൾപ്പെടെ ആവശ്യമായ രേഖകൾ സഹിതം കേരള സാമൂഹിക സുരക്ഷ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നേരിട്ട് അപേക്ഷ നൽകാം. 5 വയസ് മുതൽ ഉള്ളവർക്ക് വെള്ളക്കടലാസ്സിൽ തയ്യാറാക്കിയ അപേക്ഷ സ്ഥാപന മേധാവികൾക്ക് നൽകണം. അമ്മയുടെ അല്ലെങ്കിൽ അച്ഛന്റെ മരണ സർട്ടിഫിക്കറ്റ്, ബി പി എൽ സർട്ടിഫിക്കറ്റ്, ബി പി എൽ റേഷൻ കാർഡിന്റെ കോപ്പി, വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്, നിലവിലുള്ള രക്ഷകർത്താവിന്റെയും കുട്ടിയുടെയും പേരിൽ ദേശസാൽകൃത ബാങ്കിൽ അകൗണ്ട് തുടങ്ങി ലഭിച്ച പാസ്സ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ് തുടങ്ങിയ രേഖകൾ ഹാജരാക്കണം. സ്ഥാപന മേധാവികൾ രേഖകൾ പരിശോധിച്ച് പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം ധനസഹായത്തിന് അർഹതയുള്ള അപേക്ഷകൾ ഓൺലൈൻ ആയി കേരള സാമൂഹിക മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അയക്കും. എക്സിക്യൂട്ടീവ് ഡയറക്ടർ തുക അനുവദിച്ചു ഗുണഭോക്താവിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക് കൈമാറും.

## നാട്ടിക സമഗ്ര ശുദ്ധജല വിതരണ പദ്ധതി നവീകരണത്തിന് 60 കോടി രൂപ

നാട്ടിക ഫർക്കയിൽ കുടിവെള്ളത്തിനായുള്ള നാട്ടുകാരുടെ അലച്ചിലിന് പരിഹാരമാകുന്നു. സമഗ്ര ശുദ്ധജല വിതരണ പദ്ധതി നവീകരണത്തിന് സംസ്ഥാന സർക്കാർ 68 കോടി രൂപ അനുവദിച്ചു. കിഫ്ബിയിൽ ഉൾപ്പെടുത്തിയാണ് പത്ത് പഞ്ചായത്തുകളിലേക്കായി പദ്ധതി കാലാനുസൃതമായി നവീകരിച്ച് നടപ്പാക്കുന്നത്.

ഗീതാ ഗോപി എം എൽ എ സംസ്ഥാന സർക്കാരിൽ നടത്തിയ സമ്മർദ്ദത്തെ തുടർന്നാണ് ധനകാര്യ വകുപ്പ് 68 കോടി അനുവദിച്ച് ഉത്തരവായത്. പദ്ധതി പ്രകാരം സി.വി സെന്റർ മുതൽ ചേറ്റുവ വരെയുള്ള എല്ലാ 500 എം.എം, 400 എം.എം പ്രിമോ പൈപ്പുകളും മാറ്റി ഡി.എ പൈപ്പുകൾ സ്ഥാപിക്കും. വെള്ളായനി പമ്പ് ഹൗസ് മുതൽ സി.വി. സെന്റർ വരെ 700 എം.എം പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ നേരത്തെ ആരംഭിച്ചിരുന്നു.

നാട്ടിക ഫർക്കയിൽ കുടിവെള്ളക്ഷാമം രൂക്ഷമാകുമ്പോഴും ചെന്ത്രാപ്പിന്നി സി.വി. സെന്റർ മുതൽ പൈപ്പുകൾ പൊട്ടി വെള്ളം പാഴാകുന്നത് പതിവായിരുന്നു. പദ്ധതി നടപ്പിലാക്കുമ്പോൾ നാട്ടിക ഫർക്കയിലെ പൈപ്പുകൾ പൊട്ടുന്ന പതിവിന് ശാശ്വത പരിഹാരമാകും.

എല്ലാ കുടുംബങ്ങൾക്കും ഗാർഹിക കണക്ഷൻ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് ഗീതാ ഗോപി എം.എൽ.എ. പറഞ്ഞു. തിരദേശത്ത് കുടിവെള്ളത്തിൽ ഉപ്പിന്റെയും ഇരുമ്പിന്റെയും അംശം കൂടുതലാണെന്നാണ് പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളത്. കിഡ്നി രോഗം നാട്ടിക മേഖലയിൽ വ്യാപകമാണ് ഈ പ്രശ്നത്തിനും കുടിവെള്ള പദ്ധതി സഹായകമാകും.

## വോൾട്ടേജ് ക്ഷാമം ഇനിയില്ല; ചാപ്പാറ കെഎസ്ഇബി സബ് സ്റ്റേഷന് 110 കെ.വി ശേഷി

കൊടുങ്ങല്ലൂരിലെ വോൾട്ടേജ് ക്ഷാമത്തിന് പരിഹാരമായി പുല്ലൂറ്റ് ചാപ്പാറ കെ എസ് ഇ ബി 66 കെ വി സബ് സ്റ്റേഷൻ 110 കെ.വി.യായി ഉയർത്തുന്നു. ഡിസം. 24 ന് ഉച്ചയ്ക്ക് 12 മണിക്ക് പുല്ലൂറ്റ് ലേബർ എൽ പി സ്കൂൾ ഗ്രൗണ്ടിൽ വൈദ്യുതി വകുപ്പ് മന്ത്രി എം എം മണി ഉദ്ഘാടനം നിർവ്വഹിക്കും. ഇതോടെ സബ്സ്റ്റേഷന് കീഴിലുള്ള ഏഴ് ഫീഡറുകളിൽ പത്ത് വർഷങ്ങളിലധികമായുള്ള വോൾട്ടേജ് ക്ഷാമത്തിനും അടിക്കടിയുള്ള കറന്റ്കട്ടിനുമാണ് പരിഹാരമാകുന്നത്.

ചാപ്പാറ സബ് സ്റ്റേഷനിലേക്ക് വൈദ്യുതി എത്തിക്കുന്ന ചാലക്കുടി വരെയുള്ള 22 കി.മീ ദൂരത്തിൽ 88 ഫീഡറുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പഴയ വൈദ്യുതി കമ്പികളും അനുബന്ധ ഉപകരണങ്ങളും മാറ്റി ശേഷി വർധനയുള്ള കമ്പികളും ഉപകരണങ്ങളും സ്ഥാപിച്ചാണ് 110 കെ വി ആക്കി ഉയർത്തുന്നത്. കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിലും എടവിലങ്ങ്, പുത്തൻ ചിറ, എറിയാട്, എസ് എൻ പുരം എന്നീ പഞ്ചായത്തുകളിലെ അമ്പതിനായിരം ഉപഭോക്താക്കൾക്ക് നേരിട്ടും

ഇരുപത്തയ്യായിരം ഉപഭോക്താക്കൾക്ക് പരോക്ഷമായും ഇതിന്റെ ഗുണം ലഭിക്കും. 4.8 കോടി രൂപ ചെലവഴിച്ചാണ് സബ് സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിച്ചിട്ടുള്ളത്. സബ്സ്റ്റേഷൻ 110 കെ വി ആക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ വൈദ്യുതി നിയന്ത്രണവും പൂർണമായും അവസാനിച്ചു. നഗരത്തിന്റെ വികസനവും വൈദ്യുതിയുടെ വർദ്ധിച്ച ആവശ്യവും പരിഗണിച്ച് ചാപ്പാറയിലെ 66 കെ.വി. സ്റ്റേഷന്റെ ശേഷി 110 കെ.വി.യായി വർദ്ധിപ്പിക്കണമെന്ന നാട്ടുകാരുടെ ആവശ്യമാണ് ഇതോടെ സാക്ഷാത്കരിക്കുന്നത്.

ഷോപ്പിങ് മാളുകൾ, ഹോട്ടലുകൾ, ഫ്ളാറ്റുകൾ, കച്ചവടസ്ഥാപനങ്ങൾ, ഓഫീസുകൾ എന്നിങ്ങനെ നൂറ് കണക്കിന് സ്ഥാപനങ്ങളാണ് പുതിയതായി നഗരത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. നഗരത്തിലെ ഉപഭോക്താക്കൾക്കാവശ്യമായ തോതിൽ വൈദ്യുതി നൽകാനുള്ള ശേഷി പുല്ലൂറ്റ് ചാപ്പാറയിലെ 66 കെ.വി. സ്റ്റേഷനുണ്ടായിരുന്നില്ല. വോൾട്ടേജ് ക്ഷാമവും വൈദ്യുതി തടസ്സവും മൂലം വ്യാപാരികളും ഗാർഹിക ഉപഭോക്താക്കളും അനുഭവിക്കുന്ന ബുദ്ധിമുട്ട് അറുതിയായത്.

പുല്ലൂറ്റ് ലേബർ എൽ പി സ്കൂളിൽ നടക്കുന്ന ചടങ്ങിൽ അഡ്വ വി ആർ സുനിൽകുമാർ എംഎൽഎ അധ്യക്ഷത വഹിക്കും. ചാലക്കുടി എംപി ബെന്നി ബഹനാൻ മുഖ്യാതിഥിയാകും. വിവിധ ജനപ്രതിനിധികൾ, കെ എസ് ഇ ബി ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും.

## നിലാചന്തം - രാത്രികാല ഷോപ്പിംഗ് ഫെസ്റ്റിന് തുടക്കമായി

അത്താണിയിൽ നിലാചന്തം - രാത്രികാല ഷോപ്പിംഗ് ഫെസ്റ്റ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് ഉദ്ഘാടനം ചെയ്തു. ആദ്യ ദിനം തന്നെ വൻ ജനപങ്കാളിത്തംകൊണ്ട് മേള ശ്രദ്ധേയമായി. കുടുംബശ്രീ ജില്ലാ മിഷനും, പെരിങ്ങണ്ടൂർ സർവീസ് ബാങ്കും സംയുക്തമായാണ് അത്താണി ഗ്രീൻ മൈത്രി സൂപ്പർ മാർക്കറ്റിന്റെ ഗ്രൗണ്ട് ഫ്ളോറിൽ രാത്രികാല ഷോപ്പിംഗ് മേള ആരംഭിച്ചത്. ഡിസംബർ 21 മുതൽ 31 വരെയാണ് മേള. രാത്രി 11 മണി വരെയാണ് മേള സമയം. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 16 കുടുംബശ്രീ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും, ഫുഡ്കോർട്ടും മേളയിലുണ്ട്. കുടുംബശ്രീ പലഹാരങ്ങൾ, വെളിച്ചെണ്ണയിൽ വറുത്തെടുക്കുന്ന ചെങ്ങാലിക്കോടൻ കായ വറുത്തത്, നീര കൗണ്ടർ, നാടൻ തട്ടുകട, ലൈവ് ദോശ കൗണ്ടർ, വൈവിധ്യമാർന്ന കേക്കുകൾ, മത്സ്യ മാംസ സ്റ്റാൾ, കോഫിയുടെ രുചി ഭേദങ്ങളുമായി ഗ്രീൻ കഫെ എന്നിവയും ഇതിന്റെ ഭാഗമായി സജ്ജീകരിച്ചിട്ടുണ്ട്.

ഫെസ്റ്റിന്റെ ഭാഗമായി എല്ലാ ദിവസവും നറുക്കെടുപ്പിലൂടെ സമ്മാനം നൽകും. ബാങ്കിന്റെ കീഴിൽ ഉള്ള സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന സാധന സാമഗ്രികളുടെ പ്ലാസ്റ്റിക് കവറുകൾ തിരികെ കൊടുക്കുമ്പോൾ കിലോക്ക് 30 രൂപ നൽകുന്ന പദ്ധതിയും, ഗ്രീൻ സഞ്ചിയുടെ വിതരണ ഉദ്ഘാടനവും മേരി തോമസ് നിർവഹിച്ചു. മുറ്റത്തെ മുല്ല പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ സുകന്യ സംഘത്തിന് 10 ലക്ഷം രൂപയുടെ ചെക്ക് ജില്ലാ കുടുംബശ്രീ മിഷൻ കോഓർഡിനേറ്റർ കെ ജ്യോതിഷ് കുമാറും, മേരി തോമസും ചേർന്ന് കൈ മാറി. നഗര സഭ ചെയർപേഴ്സൺ ശിവപ്രിയ സന്തോഷ്, പൊതു മരാമത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എം ആർ അനൂപ് കിഷോർ, വടക്കാഞ്ചേരി നഗരസഭ സി ഡി എസ് ചെയർപേഴ്സൺ സിനി സുനിൽകുമാർ, പി എസ് എസ് ബാങ്ക് പ്രസിഡന്റ് എം ആർ ഷാജൻ, വൈസ് പ്രസിഡന്റ് കെ ആർ ഉദയൻ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: അത്താണിയിൽ നിലാചന്തം - രാത്രികാല ഷോപ്പിംഗ് ഫെസ്റ്റ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് ഉദ്ഘാടനം ചെയ്യുന്നു.***

## കെയർ ഹോം വീടുകളുടെ താക്കോൽ കൈമാറ്റവും മുറ്റത്തെ മുല്ല പദ്ധതി ഉദ്ഘാടനവും 24ന്

പ്രളയത്തിൽ നഷ്ടപ്പെട്ട വീടുകളുടെ പുനർനിർമ്മാണത്തിനായി രൂപീകരിച്ച കെയർഹോം പദ്ധതിയുടെ ഭാഗമായി പെരിഞ്ഞനം സർവീസ് സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ അഞ്ച് വീടുകൾ പൂർത്തീകരിച്ചു. ഇതിന്റെ താക്കോൽ കൈമാറ്റവും കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന മുറ്റത്തെ മുല്ല ലഘുവായ്പ പദ്ധതിയുടെ ഉദ്ഘാടനവും 24 ന് ഉച്ചയ്ക്ക് 2 മണിക്ക് പെരിഞ്ഞനം

ഗവൺമെന്റ് യുപി സ്കൂളിൽ വൈദ്യുതി വകുപ്പ് മന്ത്രി എംഎം മണി നിർവഹിക്കും. കൈപ്പമംഗലം നിയോജക മണ്ഡലം എംഎൽഎ എൽ എ ഇ ടി ടൈസൺ മാസ്റ്റർ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ കെ അബീദലി, പെരിഞ്ഞനം പഞ്ചായത്ത് പ്രസിഡന്റ് കെ കെ സച്ചിത്ത്, ജില്ല പഞ്ചായത്തംഗം ബി ജി വിഷ്ണു എന്നിവർ മുഖ്യാതിഥികളായിരിക്കും. പെരിഞ്ഞനം പഞ്ചായത്ത് വൈസ് പ്രസിഡന്റ് സ്മിതാ ഷാജി, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ എം എ വിജയൻ, സി കെ ഗിരിജ, പി എ സുധീർ, കൊടുങ്ങല്ലൂർ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ജനറൽ സി കെ ഗീത, പെരിഞ്ഞനം സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ഡോ എൻ ആർ ഹർഷകുമാർ, സെക്രട്ടറി സി പി ഉണ്ണികൃഷ്ണൻ എന്നിവർ പങ്കെടുക്കും.

## ഇനി ഞാൻ ഒഴുകട്ടെ' പദ്ധതിയ്ക്ക് കയ്പമംഗലം പഞ്ചായത്തിൽ തുടക്കം

സംസ്ഥാന സർക്കാരിന്റെ ഹരിത കേരളം മിഷന്റെ ഭാഗമായി നടപ്പാക്കുന്ന 'ഇനി ഞാൻ ഒഴുകട്ടെ ' നീർച്ചാൽ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി കയ്പമംഗലം ഗ്രാമ പഞ്ചായത്തിൽ അറപ്പത്തോട് ശുചീകരിക്കുന്ന പ്രവർത്തനം കയ്പമംഗലം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ടി വി സുരേഷ് ബാബു ഉദ്ഘാടനം ചെയ്തു. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കെ എ സൈനുദ്ധീൻ അധ്യക്ഷത വഹിച്ചു. ആരോഗ്യ വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അജീഷ നവാസ് സ്വാഗതം ആശംസിച്ച ചടങ്ങിൽ ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ, ജനപ്രതിനിധികൾ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, യുവജന-സന്നദ്ധ സംഘടനാ പ്രവർത്തകർ ഉൾപ്പെടെ അഞ്ഞൂറോളം പേർ ശുചീകരണ പ്രവർത്തനത്തിൽ പങ്കാളികളായി. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കെ ബി മുഹമ്മദ് നന്ദി പറഞ്ഞു.

***ഫോട്ടോ അടിക്കുറിപ്പ്: കയ്പമംഗലം ഗ്രാമ പഞ്ചായത്തിൽ 'ഇനി ഞാൻ ഒഴുകട്ടെ' പദ്ധതി പ്രസിഡന്റ് ടി വി സുരേഷ് ബാബു ഉദ്ഘാടനം ചെയ്യുന്നു.***

## ഗസ്റ്റ് ഇൻസ്ട്രക്ടർ ഒഴിവ്

കുന്നകുളം ഗവ. പോളിടെക്നിക്ക് കോളേജിൽ ഫിസിക്കൽ എഡ്യുക്കേഷൻ വിഭാഗത്തിൽ ഗസ്റ്റ് ഇൻസ്ട്രക്ടറെ നിയമിക്കുന്നു. ബിപിഇഡി ആണ് യോഗ്യത. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം ഡിസംബർ 31 രാവിലെ പ്രിൻസിപ്പാളിന്റെ കാര്യാലയത്തിൽ അഭിമുഖ ത്തിന് എത്തണം. ഫോൺ: 04885 226581.

**തുടരും**